(എ) കേരള സംസ്ഥാന ഹരിജൻ-ഗിരിജൻ വികസന സഹകരണ ഫെഡറേഷന്റെ തിരുവനന്തപുരത്ത് വഞ്ചിയൂരുള്ള ഹെഡാഫീസ് പേരൂർക്കടയിലേക്ക് മാറുന്നതിന് അവിടെ രണ്ടേക്കർ സ്ഥലം വാങ്ങി പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തിയിട്ട് എത്ര വർഷങ്ങളായി ?

(ബി) പേരൂർക്കടയിൽ ഹെഡാഫീസ് മന്ദിരം നിർമ്മിക്കുന്നതിന് കാലതാമസം നേരിട്ടതെന്തുകൊണ്ടാണ് ?

ഉത്തരം

(എ) സർക്കാരിൽ നിന്നും ഫെഡറേഷനനുവദിച്ച പേരൂർക്കടയിലുള്ള സ്ഥലത്ത് ഫെഡറേഷന്റെ വഞ്ചിയൂരുള്ള ഹെഡാഫീസ് മാറുന്നതിലേക്കായി, കെട്ടിടം കെട്ടാൻ ശിലാസ്ഥാപനം നടത്തിയിട്ടില്ല.

(ബി) പേരൂർക്കടയിലുള്ള സ്ഥലത്ത് ഒരു ഗോഡൗൺ നിർമ്മിക്കുന്നതിലേക്കായി ധനസഹായം ലഭിക്കാനുള്ള ഒരു അപേക്ഷ എൻ.സി.ഡി.സി. യുടെ പരിഗണനയിലാണ്. ധനസഹായം ലഭിക്കുന്ന മുറയ്ക്ക് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതിക്കാർക്കുള്ള ഉദ്യോഗ സംവരണം.

356. [540] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്ക് ഉദ്യോഗ സംവരണത്തിൽ ഉപസംവരണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സിദ്ധനർ സർവീസ് സൊസൈറ്റി മുതലായ ഹരിജൻ സംഘടനകൾ ഗവൺമെൻറിനു നൽകിയിട്ടുള്ള നിവേദനത്തിൻ മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഗവൺമെൻറു സർവ്വീസിലെ പട്ടിക ജാതിക്കാരുടെ പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി ലഭ്യമാകുന്നതിന് ഉപസംവരണം വീണ്ടും നടപ്പിലാക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കാമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് ഉദ്യോഗ സംവരണത്തിൽ ഉപസംവരണം ഏർപ്പെടുത്തണമെന്ന സിദ്ധനർ സർവ്വീസ് സൊസൈറ്റി ഉന്നയിച്ച ആവശ്യം സർക്കാർ പരിഗണിച്ചുവരികയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഡോക്ടർ ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട്

357. [541] ശ്രീമതി ഭാഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവ്വേ റിപ്പോർട്ട് അടങ്ങിയ ഡോക്ടർ ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly